No. 131/2019

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളികൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

'നിങ്ങൾ എന്റെ സാക്ഷികളാകുവീൻ' എന്നത് പുനരുത്ഥാനം ചെയ്ത കർത്താവ് നാമോരോരുത്തരുടെയും ഭരമേൽപിച്ചിരിക്കുന്ന ദൗത്യമാണ്. രോഗികൾക്കും അനാഥർക്കും ആലംബഹീനർക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും സാന്ത്വനം നൽകുവാൻ നെയ്യാറ്റിൻകര, കോട്ടയം-വെള്ളൂർ, യാചാരം, പൂനെ-ദേഹുറോഡ്, കലഹണ്ടി, ഇറ്റാർസി, ഭിലായ്, മക്കോഡിയ, കർണ്ണാടകയിലെ കുണിഗൽ, ആൻഡമാൻസ് എന്നിങ്ങനെ കേരളത്തിനകത്തും പുറത്തുമായി സഭയുടെ മിഷൻ പ്രസ്ഥാനങ്ങൾ വളരെ അനുഗ്രഹകരമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. പ്രവർത്തകരുടെ കുറവ് സഭയുടെ മിഷൻ പ്രവർത്തനങ്ങളെ മുന്നോട്ടു നയിക്കുന്നതിൽ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. അർപ്പണബോധമുള്ള യുവതീ യുവാക്കന്മാർ മിഷൻപ്രവർത്തനങ്ങൾക്കായി മുന്നിട്ടിറങ്ങിയാൽ ഈ പ്രതിസന്ധി മാറ്റിയെടുക്കുവാൻ സാധിക്കും. മാവേലിക്കര മിഷൻ ട്രെയിനിംഗ് സെന്ററിൽ 2019 ജൂലൈയിൽ ആരംഭിക്കുന്ന 20-ാം ബാച്ച് മിഷൻ ഡിപ്ലോമാ കോഴ്സിലേക്ക് S.S.L.C / +2 പാസ്സായ താൽപര്യമുള്ള യുവതീ യുവാക്കളെ കണ്ടെത്തി അയയ്ക്കുവാൻ ഏവരും ശ്രദ്ധിക്കണം. സഭയിലെ സകല ഇടവകകളിലും സുവിശേഷസംഘ പ്രവർത്തനം കൂടുതൽ ഊർജ്ജിതമാക്കുകയും ബാഹ്യവും ആഭ്യന്തരവുമായ സുവിശേഷ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുകയും ചെയ്യണം.

വാത്സല്യ മക്കളെ, കഴിഞ്ഞ വർഷത്തെ മിഷൻസൺഡേ കവർ പിരിവ് 1,00,17,082.07 രൂപാ ആയിരുന്നു. മുൻവർഷത്തെക്കാളും 3,27,261.43 രൂപാ കൂടുതലാണ്. കാരണം വൈദീകർ ഇക്കാര്യത്തിൽ കാണിക്കുന്ന ശുഷ്കാന്തിയും, സഭാമക്കളുടെ മിഷൻ താല്പര്യവുമാണ്. ആയത് ഏറെ അഭിനന്ദനാർഹമാണ്. ഈ വർഷത്തെ മിഷൻസൺഡേ 2019 ജൂലൈ മാസം 7-ാം തീയതിയാണ്. പരിശുദ്ധ സഭയുടെ മിഷൻ പ്രവർത്തനങ്ങൾക്കായി അന്നേദിവസം പ്രത്യേകം പ്രാർത്ഥിക്കുകയും മിഷൻസൺഡേ കവർ പിരിവ് മുൻവർഷത്തെക്കാൾ അധികമായി കൊടുക്കുകയും ചെയ്യണം. കഴിഞ്ഞ വർഷത്തെ കവർ പിരിവ് നൽകാത്ത പള്ളികൾ അതുംകൂടി അയച്ചുകൊടുക്കണം. മിഷൻസൺഡേ കവർ പിരിവിൽ ലഭിക്കുന്ന തുക ഇടവകയുടെ വരുമാനത്തോടു ചേർക്കുവാൻ അനുവാദമില്ലാത്തതാകുന്നു. പല പള്ളികളിലും ലഭിക്കുന്ന കവർ പിരിവുതുക മുഴുവനായി അയച്ചുകൊടുക്കുന്നില്ല എന്ന വസ്തുത നമ്മുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അത് ദൈവീക നീതിക്കെതിരായ പാപമാണെന്നു തിരിച്ചറിയണം. കവർപിരിവും മിഷൻസൺഡേ ദിനത്തിലെ കാണിക്കയും പ്രത്യേക സംഭാവനയും ചേർത്ത് മിഷൻബോർഡ് പ്രസിഡന്റ് അഭി.ഡോ.യൂഹാനോൻ മാർ തേവോദോറോസ് മെത്രാപ്പോലീത്തായുടെ പേരിൽ സെന്റ്പോൾസ് മിഷൻ ട്രെയിനിംഗ് സെന്റർ, തട്ടാരമ്പലം പി.ഒ-690103, മാവേലിക്കര എന്ന വിലാസത്തിൽ അയച്ചുകൊടുക്കണം.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2019 മെയ് മാസം 10 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.